## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3435. 20.06.2018 ൽ മറുപടിക്ക്

## കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ :

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സൈബർ ആക്രമണങ്ങളെ നേരിടുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - കേരളം എന്ന സംവിധാനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 2010 മെയ് മാസത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരളയുടെ (CERT-K) പ്രവർത്തനം ആരംഭിച്ചു. ഇത് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (CERT-In) എന്ന വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.<br><br><u>CERT-K യുടെ ചുമതലകൾ</u><br><br>• സർക്കാർ വെബ്സൈറ്റുകളെ സൈബർ ആക്രമണങ്ങളിൽ നിന്നും പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട് വെബ്സൈറ്റുകളെ സുരക്ഷാ ഓഡിറ്റിംഗിന് വിധേയമാക്കുകയും അതിലെ സുരക്ഷാപാളിച്ചകൾ അതാത് വകുപ്പുകളെ യഥാസമയം അറിയിക്കുകയും സുരക്ഷാ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു വരുന്നു.<br>• സൈബർ സുരക്ഷാ ആക്രമണങ്ങൾക്ക് വിധേയമാകുന്ന സർക്കാർ വെബ്സൈറ്റ് /വെബ് ആപ്ലിക്കേഷന്റെ ഇൻസിഡന്റ്/ |

| | | | |
|---|---|---|---|
| | | | ലോഗ് അനാലിസിസ് എന്നിവ നടത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള ആക്രമണങ്ങൾ വരാതിരിക്കുവാൻ വേണ്ട മുൻകരുതലുകൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.<br>• സൈബർ പരാതികൾ വിശകലനം ചെയ്ത് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നു. |
| (ബി) | പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവും നിയന്ത്രണവും ചുമതലയും ഏത് ഏജൻസിക്കാണെന്നും ദേശീയ തലത്തിൽ ഏത് ഏജൻസിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | കേരള സംസ്ഥാന ഐ.ടി മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സുരക്ഷാ വിഭാഗമാണ് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (CERT-K). ഇത് കേന്ദ്ര സർക്കാരിന്റെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - ഇന്ത്യ (CERT-In) എന്ന വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. |

സെക്ഷൻ ഓഫീസർ